ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

നംDHS/15264/2025-ER3 തീയതി: 17-06-2025

## സർക്കുലർ

വിഷയം:- ആവഡ-സംസ്ഥാനത്തു കാലാവസ്ഥ പ്രതികൂലമായി നിലനിൽക്കുന്ന അടിയന്തിര സാഹചര്യം- ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്- അവധിയിൽ പ്രവേശിച്ചിരിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസർമാരുൾപ്പെടെ ആരോഗ്യ വകുപ്പിലെ മുഴുവൻ ജീവനക്കാരും പുനഃപ്രവേശിക്കുന്നതിനുള്ള നിർദേശം നൽകുന്നത് - സംബന്ധിച്ച്

കാലവസ്ഥ പ്രതികൂലമായി നിൽക്കുന്ന ഒരു അടിയന്തിര സാഹചര്യം സംസ്ഥാനത്ത് നിലവിൽ ഉണ്ട്. അതിനാൽ എല്ലാ ജില്ലകളിലെയും പ്രവർത്തനങ്ങൾ വീഴ്ചകൂടാതെ പൂർണ്ണമായും ഏകോപിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ നിലവിൽ ഏഴ് ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള അവധി എടുത്തിട്ടുള്ള/അവധിയിൽ പ്രവേശിച്ചിരിക്കുന്ന ആരോഗ്യവകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർമാരുൾപ്പെടെ എല്ലാ ജീവനക്കാരും അവധി റദ്ദ് ചെയ്ത് ഉടനടി ജോലിയിൽ പുനഃപ്രവേശിക്കേണ്ടതാണ്.

2. എന്നാൽ മേൽ നിർദേശം Appx XII A & XII C Part I KSR പ്രകാരം അവധി അനുവദിക്കപ്പെട്ടവർ, NOC വാങ്ങി പഠന ആവശ്യത്തിനായി അവധിക്കു അപേക്ഷിച്ചു പ്രസ്തുത അവധിയിൽ പ്രവേശിച്ചവർ, പഠന ആവശ്യത്തിനായി ഇതിനകം അവധി അനുവദിക്കപ്പെട്ടവർ, അനധികൃത അവധിയിൽ പ്രവേശിച്ച വിവരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി നിർദ്ധിഷ്ട പ്രോഫോർമയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടവർ, എന്നിവരുടെ കാര്യത്തിൽ ബാധകമായിരിക്കുന്നതല്ല.

3. ഇനിഒരു നിർദേശം വരുന്നത് വരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള രേഖാമൂലമുള്ള അനുമതി കൂടാതെ ഒരു ജില്ലാ മെഡിക്കൽ ഓഫീസറും അവധിയിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

4. ജില്ലകളിൽ ജീവനക്കാരുടെ ഹാജർ ഉറപ്പു വരുത്തുവാനുള്ള ചുമതല ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ആയിരിക്കും. നിലവിൽ ഏഴ് ദിവസത്തിൽ കൂടുതൽ അവധി എടുത്തിട്ടുള്ള എല്ലാ ജിവനക്കാരും ഈ സർക്കുലർ തീയതി മുതൽ മൂന്ന് ദിവസത്തിനകം അവധി റദ്ദ് ചെയ്ത് പുനഃപ്രവേശിക്കുന്നുണ്ടെന്നു ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ജോലിയിൽ പ്രവേശിക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ (പേര്, തസ്തിക, PEN, സ്ഥാപനം, അവധി വിവരം എന്നിവ) ജില്ലാ മെഡിക്കൽ ഓഫീസർമാർ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by
Reena K J
Date: 17-06-2025 13:42:57
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും.